MALAYALA MANORAMA 18-02-2016

# ജൈവവൈവിധ്യം കാത്തുസൂക്ഷിക്കണം: സിഐഎഫ്ടി

കൊച്ചി • മനുഷ്യരാശിയുടെ സംരക്ഷണത്തിനും അതിജീവനത്തിനുമായി ജൈവവൈവിധ്യം കാത്തുസൂക്ഷിക്കണമെന്നു പരിസ്ഥിതി മലിനീകരണവും പരിസ്ഥിതി ശാസ്ത്രവും എന്ന വിഷയത്തിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി) സംഘടിപ്പിച്ച രാജ്യാന്തര സമ്മേളനം ആഹ്വാനം ചെയ്തു.

സിഐഎഫ്ടിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കോ ടോക്സിക്കോളജി ആൻഡ് എൻവയോൺമെന്റൽ സയൻസസ് ആണ് ഐസിഇഇഎസ്-2016 എന്ന പേരിൽ യുനെസ്കോയുടെ സഹകരണത്തോടെ സമ്മേളനം സംഘടിപ്പിച്ചത്. കുസാറ്റ് വൈസ് ചാൻസലർ ഡോ. ജെ. ലത ഉദ്ഘാടനം ചെയ്തു. സിഐഎഫ്ടി ആക്ടിങ് ഡയറക്ടർ ഡോ. സുശീല മാത്യു, സംഘാടക സമിതി ചെയർമാൻ പ്രഫ. ബി. ഭട്ടാചാര്യ എന്നിവർ പ്രസംഗിച്ചു. പരിസ്ഥിതി ശാസ്ത്രമേഖലയിലെ വിദഗ്ധർ സെമിനാറുകൾ നയിച്ചു.